പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 294 — 20.06.2018 -ൽ മറുപടിക്ക്.

## സിവിൽ സപ്ലൈസ് വകുപ്പിന്റെ കാര്യക്ഷമമായ പ്രവർത്തനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.എ.എം. ആരിഫ്<br>ശ്രീ.എസ്.ശർമ്മ<br>ശ്രീ.മുരളി പെരുനെല്ലി<br>ശ്രീ.പി.വി. അൻവർ | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ വിശപ്പ് രഹിതമാക്കുന്നതിന് നടത്തി വരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ ; | (എ) സംസ്ഥാനത്ത് ആവശ്യക്കാർക്ക് ഒരു നേരത്തെ ഭക്ഷണം മിതമായ നിരക്കിലോ സൗജന്യമായോ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി 2017-18 സാമ്പത്തിക വർഷത്തിൽ വിശപ്പ് രഹിത കേരളം എന്ന ഒരു പദ്ധതി ആരംഭിച്ചിട്ടുണ്ട്. തുടക്കത്തിൽ ആലപ്പുഴ ജില്ലയിൽ പദ്ധതി നടപ്പാക്കുന്നതിനായി 2017-18 കാലയളവിൽ 70 ലക്ഷം രൂപ ആലപ്പുഴ ജില്ലാ കളക്ടർക്ക് അനുവദിച്ച് നല്കിയിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ ടി പദ്ധതിയ്ക്കായി 14 കോടി രൂപ കൂടി വകയിരുത്തിയിട്ടുണ്ട്. |
| (ബി) പൊതുവിതരണ സംവിധാനത്തിലെ മൊത്ത വിതരണത്തിന്റെ ചുമതല സിവിൽ സപ്ലൈസ് വകുപ്പ് ഏറ്റെടുത്ത് പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ആവശ്യത്തിന് ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ ; | (ബി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പാക്കിയതിന്റെ ഭാഗമായി പൊതുവിതരണ സംവിധാനത്തിലെ മൊത്ത വിതരണം നിലവിൽ സപ്ലൈകോ ആണ് നടത്തി വരുന്നത്. സപ്ലൈകോയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി 318 തസ്തികകൾ സൃഷ്ടിക്കുവാനും അതിൽ 43 തസ്തികകൾ ഭക്ഷ്യ പൊതുവിതരണ വകുപ്പിൽ നിന്നും ഡെപ്യൂട്ടേഷൻ വഴി നിയമിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. |
| (സി) പട്ടികഗോത്ര വർഗ്ഗക്കാർക്ക് റേഷൻ വീട്ടുകളിലെത്തിച്ച് നൽകാൻ ആവിഷ്കരിച്ച പദ്ധതി പ്രാവർത്തികമായിട്ടുണ്ടോ ; | (സി) പട്ടികഗോത്ര വർഗ്ഗക്കാർക്ക് റേഷൻ വീട്ടുകളിലെത്തിച്ച് നൽകാൻ ആവിഷ്കരിച്ച പദ്ധതി തൃശ്ശൂർ ജില്ലയിൽ പ്രാവർത്തികമാക്കിയിട്ടുണ്ട്. മറ്റ് സ്ഥലങ്ങളിലേക്ക് കൂടി വ്യാപിപ്പിക്കുന്ന കാര്യം ബന്ധപ്പെട്ട വകുപ്പുകളുമായി ആലോചിച്ച് വരുന്നു. |
| (ഡി) റേഷൻ വിതരണ സംവിധാനം നവീകരിച്ചതിന്റെ കാര്യക്ഷമത അവലോകനം ചെയ്തിരുന്നോ; ഇ-പോസ് മെഷീൻ സ്ഥാപിച്ചതിനുശേഷവും തട്ടിപ്പ് നടക്കുന്നതായ വാർത്തയുടെ നിജസ്ഥിതി പരിശോധിച്ചിരുന്നോ ; | (ഡി) നവീകരിച്ച റേഷൻ വിതരണ സംവിധാനം 2018 മെയ് മാസം മുതലാണ് സംസ്ഥാനത്ത് നടപ്പാക്കിയത്. മെയ് മാസത്തിൽ സംസ്ഥാനത്തെ മുഴുവൻ റേഷൻ കടകളിലും ഇ-പോസ് മുഖേന റേഷൻ വിതരണം ആരംഭിച്ചു. പ്രസ്തുത മാസത്തിൽ ആകെ 8024449 റേഷൻ കാർഡുകളുള്ളതിൽ 6738075 റേഷൻ കാർഡുടമകൾ ഇ-പോസ് മുഖേന റേഷൻ കൈപ്പറ്റുകയുണ്ടായി. അതിൽ 708323 കാർഡുടമകൾ ആതന്റിക്കേറ്റ് ചെയ്യാതെയാണ് റേഷൻ വിഹിതം കൈപ്പറ്റിയിട്ടുള്ളത്. ഇപ്രകാരം ആതന്റിക്കേറ്റ് ചെയ്യാതെ റേഷൻ |

വിതരണം ചെയ്തത് സംബന്ധിച്ച ചില പരാതികൾ ലഭിച്ചിട്ടുണ്ട്. അത് പരിശോധിക്കുന്നതിനായി സംസ്ഥാനതല പരിശോധനാ സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്. കൂടാതെ വകുപ്പിലെ റേഷനിംഗ് ഇൻസ്പെക്ടർ മുതൽ മുകളിലോട്ടുള്ള എല്ലാ ഉദ്യോഗസ്ഥരും കൃത്യമായ പരിശോധനകൾ നടത്തുന്നു. ഇത്തരത്തിൽ ക്രമക്കേട് കണ്ടെത്തിയതുമായി ബന്ധപ്പെട്ട് സംസ്ഥാനത്തൊട്ടാകെ 24 റേഷൻ കടകളുടെ അംഗീകാരം താൽക്കാലികമായി റദ്ദ് ചെയ്യുകയും 60 റേഷൻ കടകളുടെ ജാമ്യ സംഖ്യ സർക്കാരിലേയ്ക്ക് കണ്ട്കെട്ടുകയും ചെയ്തിട്ടുണ്ട്.

വരും മാസങ്ങളിൽ നവീകരിച്ച റേഷൻ വിതരണ സംവിധാനം കൂടുതൽ കാര്യക്ഷമമാകുമെന്ന് പ്രതീക്ഷിക്കുന്നു.

**(ഇ)** മാവേലി സ്റ്റോറുകളുടെ പ്രവർത്തനം വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ?

**(ഇ)** സംസ്ഥാനത്തെ മാവേലി സ്റ്റോറുകളുടെ പ്രവർത്തനം വിപുലീകരിക്കുന്നതിനായി ഒരു സാധാരണ പലചരക്ക് കടയിലേതു പോലെ മാത്രം ഷോപ്പിംഗ് നടത്താൻ സാധിക്കുന്ന മാവേലി സ്റ്റോറുകളെ, വിപണന സാധ്യത, കെട്ടിടത്തിന്റെ വിസ്തീർണ്ണം എന്നിവ കൂടി പരിഗണിച്ച് ഉപഭോക്താക്കൾക്ക് മാവേലിഇതര/ ശബരി ഉൽപ്പന്നങ്ങൾ സ്വയം തിരഞ്ഞെടുത്ത് വാങ്ങുവാൻ ഉതകുന്ന വിധം മാവേലി സൂപ്പർ സ്റ്റോർ ശ്രേണിയിലേയ്ക്ക് ഉയർത്തുവാനും, നിലവിൽ സ്ഥല സൗകര്യം കുറവുള്ള മാവേലി സ്റ്റോറുകളിൽ കൂടുതൽ സ്ഥല സൗകര്യം ലഭ്യമാക്കുന്നതിനു വേണ്ട നടപടികൾ എടുക്കുന്നതിനും, പുതുതായി ആരംഭിക്കുന്ന മാവേലി സ്റ്റോറുകളിൽ സ്ഥല ലഭ്യത അനുസരിച്ച് ഉപഭോക്താക്കൾക്ക് ആവശ്യമുള്ള നോൺ മാവേലി സാധനങ്ങൾ തിരഞ്ഞെടുക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിനും നിലവിലുള്ള ഡിസ് പ്ലേ ബോർഡുകൾ മാറ്റി സ്ഥാപിച്ച് പെയിന്റിംഗ് തുടങ്ങിയവ നടത്തി വില്പനശാല ആകർഷകമാക്കാനുള്ള നടപടികളും എടുക്കാൻ ഉദ്ദേശിക്കുന്നുണ്ട്. മാത്രമല്ല കൂടുതൽ ഉപഭോക്താക്കളെ സപ്ലൈകോ വില്പനശാലകളിൽ ആകർഷിക്കത്തക്ക വിധം വിവിധ സ്വകാര്യ കമ്പനികളുമായി സഹകരിച്ച് ഡിസ്കൗണ്ട് കൂപ്പണുകളിലൂടെ നറുക്കെടുപ്പ് വഴി ബമ്പർ സമ്മാനങ്ങളും ഗിഫ്റ്റ് വൗച്ചറുകളും നല്കുന്ന പദ്ധതികളും നടപ്പിൽ വരുത്തിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**